പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1804

11-2-2013-ൽ മറുപടിക്ക്

വിവാഹ രജിസ്ട്രേഷന് ജില്ലാ രജിസ്ട്രാറുടെ അനുമതി

ചോദ്യം
ശ്രീ. പി.ബി. അബ്ദുൾ റസാക്

ഉത്തരം
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കേരള പൊതുവിവാഹ രജിസ്റ്റർ നിയമ പ്രകാരം വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാൽ വിവാഹം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യാൻ ജില്ലാ രജിസ്ട്രാറുടെ അനുമതി വാങ്ങണമെന്നത് അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാൽ പഞ്ചായത്തുകളിൽ തന്നെ പിഴയോടുകൂടി വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) നിലവിലെ ചട്ടങ്ങൾ പ്രകാരം വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാൽ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി മാത്രമേ വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. പഞ്ചായത്തിൽ പിഴയോടുകൂടി വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ